# കേരളാ ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ക്രമ ഉത്തരവ്
## ഹാജർ: പ്രസീന. എൻ

വിഷയം:-ഫാക്ടറീസ് &ബോയിലേഴ്സ് വകുപ്പ്- ജീവനക്കാര്യം-വകുപ്പിലെ ക്ലാസ്സ് -IV ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

ഉത്തരവ് നമ്പർ ഇ 2/5955/2022/ഫാ&ബോ തീയതി. 26.07.2022

പരാമർശം:- 1. ജി.ഒ. (പി) നം. 600/93/ഫിൻ. തീയതി 25.09.1993.
2. ജി.ഒ (പി) നം. 617/95(53)/ഫിൻ. തീയതി 14.11.1995
3. ജി.ഒ (പി) നം. 629/10/ഫിൻ. തീയതി 25.11.2010
4. 01.01.2018 തീയതി അടിസ്ഥാനമാക്കിയുള്ള വകുപ്പിലെ ഗ്രഡേഷൻ ലിസ്റ്റ്.
5. ജി.ഒ (പി) നം. 27/2021/ഫിൻ. തീയതി 10.02.2021.
6. 30.03.2022 തീയതിയിലെ ഇ 2/48472021 നമ്പർ നടപടിക്രമ ഉത്തരവ്.

## ഉത്തരവ്

മേൽ പരാമർശ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി 01.01.2018 തീയതി അടിസ്ഥാനമാക്കിയുള്ള ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ഓഫീസ് അറ്റൻഡന്റുമാർക്ക് 2 : 1 എന്ന റേഷ്യോയിൽ 23700-52600 ശമ്പള സ്കെയിലിൽ (ഗ്രഡേഷൻ ലിസ്റ്റിലെ സീരിയൽ നമ്പർ 22 വരെയുള്ളവർക്ക്) ഒന്നാം ഗ്രേഡ് ഓഫീസ് അറ്റൻഡന്റായി റേഷ്യോ പ്രൊമോഷൻ അനുവദിച്ച് സൂചന (6) പ്രകാരം ഉത്തരവ് പ്രസിദ്ധീകരിച്ചിരുന്നു. റേഷ്യോ പ്രമോഷൻ ലഭിച്ചവരിൽ 4 പേർ വിരമിച്ചതിനെ തുടർന്ന് ചുവടെ പറയും പ്രകാരം 24, 25, 26, 27 എന്നീ സീരിയൽ നമ്പറുകളിൽ ഉൾപ്പെട്ടവർക്ക് ഒന്നാം ഗ്രേഡ് ഓഫീസ് അറ്റൻഡന്റായി റേഷ്യോ പ്രൊമോഷൻ അനുവദിച്ച് (ശമ്പള സ്കെയിൽ 23700-52600) ഉത്തരവാകുന്നു. സീരിയൽ നമ്പർ 23 ആയ ശ്രീ. ദാമു പി. 2018 ഏപ്രിലിൽ വിരമിച്ച സാഹചര്യത്തിലാണ് സീരിയൽ നമ്പർ 24 മുതലുള്ളവർക്ക് പ്രൊമോഷൻ അനുവദിക്കുന്നത്. 25.11.2021 ലെ ജി.ഒ. (പി) 629/2010/ഫിൻ നമ്പർ ഉത്തരവിലെ നിഷ്കർഷ അനുസരിച്ച് ഈ ഉത്തരവ് തീയതി മുതൽ പുറകിലോട്ട് ഒരു വർഷത്തേയ്ക്ക് മാത്രമായിരിക്കും.

| ക്രമ നമ്പർ | പേര് | ജനനത്തീയതി | സർവ്വീസിൽ പ്രവേശിച്ച തീയതി | റേഷ്യോ പ്രൊമോഷൻ ലഭിക്കുന്ന തീയതി | വേക്കൻസി വന്നതിനുള്ള കാരണം | വേക്കൻസി വന്ന തീയതി |
|---|---|---|---|---|---|---|
| 1 | റ്റി.പി. ബാലകൃഷ്ണൻ | 04.03.1965 | 17.11.2007 | 01.06.2019 | ശ്രീ. കെ. വി. അശോകൻ വിരമിച്ച ഒഴിവ് | 01.06.2019 |
| 2 | പുഷ്പവല്ലി. കെ | 17.03.1976 | 15.06.2009 | 01.06.2020 | ശ്രീ. പി. അർജ്ജുനൻ വിരമിച്ച ഒഴിവ് | 01.06.2020 |
| 3 | ബിന്ദു. എം. ആർ | 16.05.1974 | 19.10.2009 | 01.06.2022 | ശ്രീ. രമേശൻ കാക്കോപ്രത്ത് വിരമിച്ച ഒഴിവ്. | 01.06.2022 |
| 4 | ആനന്ദി. കെ | 12.03.1978 | 03.03.2010 | 01.06.2022 | ശ്രീ. അനിൽ കുമാർ. കെ.സി വിരമിച്ച ഒഴിവ് | 01.06.2022 |

Scanned with OKEN Scanner

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശമ്പള വിതരണ ഉദ്യോഗസ്ഥൻ ബന്ധപ്പെട്ട ജീവനക്കാരുടെ ശമ്പളം പുനർ നിർണയിച്ച്/പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(ഒപ്പ്)

അണ്ടർ സെക്രട്ടറി & അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ

പകർപ്പ്:- എഫ് ഒ/എഒ/എസ്എസ്/ജെഎസ് (അക്കൗണ്ട്സ്)/എ 1 സെക്ഷൻ/
കരുതൽ ഫയൽ/വെബ് സൈറ്റ്.

ഉത്തരവിൻ പ്രകാരം

P. S. B

സീനിയർ സൂപ്രണ്ട്

എസ്.എ

Scanned with OKEN Scanner